## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1435 — 15.06.2012 ൽ മറുപടിയ്ക്ക്

## കർഷക കടാശ്വാസ കമ്മീഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.രാധാകൃഷ്ണൻ | ശ്രീ. കെ.പി. മോഹനൻ<br>(ബഹു: കൃഷിയും, മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കാർഷിക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനങ്ങൾ സ്തംഭനാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഇല്ല. നിലവിലുണ്ടായിരുന്ന കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷന്റെ കാലാവധി 18.03.2012 ന് അവസാനിച്ചതിനെത്തുടർന്ന് 19.05.2012 ലെ ജി.ഒ(പി.) നം.210/2012/RD എന്ന ഉത്തരവ് പ്രകാരം ജസ്റ്റിസ് കെ.ആർ.ഉദയഭാനു ചെയർമാനായി സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ പുനഃസംഘടിപ്പിച്ചിട്ടുണ്ട്. 07.06.2012 ലെ ജി.ഒ(പി.) നം.236/2012/RD ഉത്തരവ് പ്രകാരം കമ്മീഷൻ അംഗങ്ങളെയും നിയമിച്ചിട്ടുണ്ട്. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര കർഷകർക്ക് ആനുകൂല്യം ലഭിച്ചിട്ടുണ്ടെന്നുള്ളതു സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കടാശ്വാസ കമ്മീഷൻ ശിപാർശ ചെയ്ത 7705 അവാർഡുകളിലെ ആനുകൂല്യം കർഷകർക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ